Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 06.08.2022
*Ref: 867/KCBC/K-6/KPR/DS*

# ഭാരതത്തിന്റെ മതേതര സ്വഭാവത്തെ ഹനിക്കുന്നവിധം ഉയർന്നുവരുന്ന പ്രവണതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയണം : കെ.സി.ബി.സി.

1. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം പ്രമാണിച്ച് 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിൽ നമ്മുടെ രാജ്യം വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത് പൗരന്മാരുടെ ആഹ്ലാദം വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ 75 വർഷങ്ങളിലൂടെ ഇന്ത്യയ്ക്ക് ഉണ്ടായിട്ടുള്ള വളർച്ച ലോകരാജ്യങ്ങൾക്കുമുമ്പിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തിയിരിക്കുന്നു. ഓരോ ഇന്ത്യൻ പൗരനും അഭിമാനിക്കാൻ തക്കവിധം ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും കാർഷിക-വ്യവസായ-വ്യാപാര-വിപണന രംഗങ്ങളിലും മറ്റു തലങ്ങളിലും വർദ്ധിച്ച തോതിൽ വളർച്ച നേടാൻ സാധിച്ചത് വലിയ നേട്ടമാണ്. എല്ലാറ്റിമുപരി ഇന്ത്യയുടെ ജനാധിപത്യ സംവിധാനം ലോകത്തിനുമുമ്പിൽ മാതൃകയായി നിലനില്ക്കുന്നുവെന്നതും ഇന്ത്യൻ ജനതയുടെ ജനാധിപത്യബോധത്തെ വെളിപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളതും ആമുഖത്തിൽ പറഞ്ഞിട്ടുള്ളതുമായ സാഹോദര്യവും സമത്വവും മതേതരത്വവും നിലനിറുത്തികൊണ്ട് ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി നിലകൊള്ളാനുള്ള പ്രതിജ്ഞ പുതുക്കാൻ ഈ അവസരത്തിൽ കഴിയട്ടെയെന്നാശംസിക്കുന്നു. ഭാരതത്തിന്റെ മതേതര സ്വഭാവത്തെ ഹനിക്കുന്നവിധം ഉയർന്നുവരുന്ന പ്രവണതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയണം.

2. കേരളത്തിലെ കർഷകരെ വലിയതോതിൽ ബാധിക്കുന്ന ബഫർസോൺ പ്രഖ്യാപനം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കകളും ആധികളും പരിഹരിക്കാൻ സർക്കാർ യുദ്ധ കാലാടിസ്ഥാനത്തിൽ പ്രയത്നിക്കണം. സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കൃത്യമായ പഠനവിവരങ്ങളുടെ അടിസ്ഥാനത്തിൽ സെൻട്രൽ എംപവർ കമ്മിറ്റിക്കു നൽകേണ്ട റിപ്പോർട്ടു യഥാസമയം നൽകാൻ സർക്കാരിനു കഴിയണം. സർക്കാരിന്റെ ഭാഗത്തുനിന്നു അനുകൂല നടപടികൾ സത്വരമായി ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excelancy
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

3. തീരദേശത്തു വസിക്കുന്നവർ സർക്കാരിന്റെ മുന്നിൽ ഉയർത്തിയിട്ടുള്ള കാര്യങ്ങളിൽ സത്വരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണം. തീരശോഷണം സംബന്ധിച്ചു വിശദമായ പഠനം നടത്താനും അതിനുകാരണമായ കാര്യങ്ങൾ കണ്ടെത്തി പരിഹരിക്കാനും സർക്കാർ തയ്യാറാകണം.

4. വർദ്ധിച്ചതോതിലുള്ള മഴ 2018-ലെ പ്രളയ ദുരിതത്തെ ഓർമ്മിപ്പിക്കുന്നു. സർക്കാർ നല്കുന്ന മുന്നറിയിപ്പുകൾ അനുസരിച്ച് ജാഗ്രതയോടെ ആയിരിക്കാൻ ജനങ്ങൾ ശ്രദ്ധിക്കണം. മഴക്കാല കെടുതികൾക്കൊപ്പം രോഗങ്ങളും വ്യാപിക്കാൻ സാധ്യതയുണ്ട്. റോഡുകളുടെ ശോച്യാവസ്ഥ ദുരിതം വർധിപ്പിക്കുന്നു. സർക്കാർ സംവിധാനങ്ങൾ സാഹചര്യങ്ങൾക്കൊത്ത് ഉണർന്നു പ്രവർത്തിക്കണം. ജനങ്ങൾ ജാഗ്രത കൈവിടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. സഭാസംവിധാനങ്ങളും സംഘടനകളും ജനങ്ങളുടെ രക്ഷക്കും സുരക്ഷിതത്വത്തിനുംവേണ്ടി ജാഗ്രതയോടെ പ്രവർത്തിക്കണം.

5. **കേരളസഭാനവീകരണം 2022-2025**

കേരളസഭാനവീകരണം വ്യക്തിപരമായ നവീകരണത്തിലേക്ക് ഓരോ വിശ്വാസിയെയും നയിക്കണം. അതിനു സഹായകരമായവിധം അഞ്ചു കാര്യങ്ങൾ നടപ്പിലാക്കാൻ കെ.സി.ബി.സി തീരുമാനിച്ചു. (1) **നാല്പതുദിന പ്രാർത്ഥനാ-പരിത്യാഗ യജ്ഞം:** 2022 സെപ്തംബർ 9-ാം തീയതി മുതൽ ഒക്ടോബർ 18 വരെയുള്ള നാല്പതുദിനങ്ങൾ പ്രാർഥനാ-പരിത്യാഗദിനങ്ങളായി പ്രഖ്യാപിച്ചു. ആ ദിവസങ്ങളിൽ ഓരോ രൂപതയും പ്രത്യേക ക്രമീകരണങ്ങളോടെ നാല്പതുദിന പ്രാർത്ഥനാ-പരിത്യാഗ യജ്ഞം നടത്തണം. (2) **വിമലഹൃദയപ്രതിഷ്ഠ:** ഒക്ടോബർ മാസം മുഴുവൻ കൊന്തനമസ്ക്കാരത്തോടെ മാതാവിന്റെ വിമലഹൃദയത്തിനു കേരളസഭയെ സമർപ്പിക്കുന്നു. ഒക്ടോബർ 31-ന് ഓരോ രൂപതയിലും രൂപതാകത്തീഡ്രലിൽ രൂപതാധ്യക്ഷൻ അർപ്പിക്കുന്ന ദിവ്യബലിമദ്ധ്യേ രൂപതയെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കും. പി.ഒ.സിയിൽ അർപ്പിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിമദ്ധ്യേ കേരളസഭയെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കും. (3) **പൂർണ്ണദണ്ഡവിമോചനം :** റോമിലെ അപ്പസ്തോലിക് പെനിറ്റൻഷറിയുടെ അനുവാദത്തോടെ നാല്പതുദിന പ്രാർത്ഥന-പരിത്യാഗ ദിനങ്ങളിൽ കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിക്കും. (4) **വൈദികർക്കുള്ള പ്രത്യേക പ്രാർത്ഥനാദിനം:** വൈദികർക്കുവേണ്ടി മാത്രമായി ഏകദിന പ്രാർത്ഥനാദിനം രൂപതാധ്യക്ഷന്മാർ പ്രഖ്യാപിക്കും. (5) **ഇടയലേഖനം :** ഇക്കാര്യങ്ങൾ അറിയിക്കുന്നതിനായി ഓരോ രൂപതാധ്യക്ഷനും തന്റെ രൂപതയിൽ ഇടയലേഖനം പുറപ്പെടുവിക്കും. മൂന്നുവർഷം നീണ്ടുനിൽക്കുന്ന നവീകരണയജ്ഞനത്തിനു രൂപതാപ്രതിനിധികളും സമർപ്പിതസമൂഹ പ്രതിനിധികളും കെ.സിബി.സി. കമ്മീഷൻ അംഗങ്ങളും മൂന്നു വ്യക്തിസഭാകാര്യാലയങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്ന മേൽനോട്ടസമിതി നേതൃത്വം നല്കും.

+ Geo Alencherry

കാർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
കെ.സി.ബി.സി, പ്രസിഡന്റ്

ബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ
കെ.സി.ബി.സി, വൈസ്പ്രസിഡന്റ്

ബിഷപ്പ് ജോസഫ് മാർ തോമസ്
കെ.സി.ബി.സി, സെക്രട്ടറി ജനറാൾ